**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **08-10-2021 - ൽ മറുപടിയ്ക്ക്**

**പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റും പുന:സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രൂക്ഷമായതിനെ തുടർന്ന് ഒന്നരവർഷം മുൻപ് നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റും പുന:സ്ഥാപിക്കാത്തതുമൂലം സാധാരണക്കാരായ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച പാസഞ്ചർ ട്രെയിൻ സർവ്വീസും സീസൺ ടിക്കറ്റ് പുന:സ്ഥാപിക്കാത്തതു സംബന്ധിച്ചും നിരവധി പരാതികൾ സർക്കാരിനു ലഭിക്കുന്നുണ്ട്. ഇക്കാര്യം സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റു ഉന്നത ഉദ്യോഗസ്ഥരുമായി 29.09.2021 നു നടത്തിയ ചർച്ചയിൽ ഉന്നയിച്ചപ്പോൾ ഇക്കാര്യത്തിൽ റെയിൽവേ ബോർഡാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്ന് റെയിൽവേ അധികൃതർ അറിയിക്കുകയുമുണ്ടായി. നിലവിൽ പാസഞ്ചർ ട്രെയിനുകൾ ഭാഗികമായി പുന:സ്ഥാപിച്ചിട്ടുണ്ട്. അൺ റിസർവ്വിഡ് സ്പെഷ്യൽ ട്രെയിനുകളിൽ സീസൺ ടിക്കറ്റ് പുന:സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പാസഞ്ചർ ട്രെയിൻ സർവ്വീസിന് സംസ്ഥാന സർക്കാർ അനുമതി നൽകാത്തതാണ് സർവ്വീസുകൾ ആരംഭിക്കുവാൻ തടസ്സമാകുന്നതെന്ന റെയിൽവേയുടെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. ഇപ്രകാരം ഒരറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ